പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499 **16-10-2026-ൽ മറുപടിയ്ക്ക്**

ഉന്നത വിദ്യാഭ്യാസമേഖലയിലെ ദീർഘകാല പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ നിന്നും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ അന്യസംസ്ഥാനത്തും വിദേശ രാജ്യത്തും പോയി പഠനം നടത്തേണ്ട നിർബന്ധിത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രൊഫഷണൽ-ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഉന്നതപഠനത്തിനായി സംസ്ഥാനത്തെ വിദ്യാർത്ഥികൾ പുറത്തുപോകേണ്ടതായ നിർബന്ധിത സാഹചര്യം നിലനിൽക്കുന്നതായി കാണുന്നില്ല. ലോകോത്തര നിലവാരത്തിലുള്ള പഠനാവസരങ്ങൾ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാണ്. വികസിത രാജ്യങ്ങളിലെ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ, സാമൂഹിക സുരക്ഷിതത്വം (Social Security), ഉയർന്ന വേതന ഘടന, പഠനത്തോടൊപ്പം തൊഴിൽ ചെയ്യാനുള്ള അവസരങ്ങൾ, പോസ്റ്റ്-സ്റ്റഡി വർക്ക് വിസ സൗകര്യങ്ങൾ എന്നിവയാണ് വിദ്യാർത്ഥികളെ പ്രധാനമായും ആകർഷിക്കുന്നത്; ഇത് ലോകമെമ്പാടും പൊതുവായി കണ്ടുവരുന്ന ഒരു പ്രതിഭാസമാണ്.

യുവതലമുറയെ കേരളത്തിൽത്തന്നെ നിലനിർത്തുന്നതിനും സംസ്ഥാനത്തെ ഉന്നത-സാങ്കേതിക വിദ്യാഭ്യാസ മേഖലയെ രാജ്യാന്തര നിലവാരത്തിലേക്ക് നവീകരിക്കുന്നതിനുമായി ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, അത്യാധുനിക ഗവേഷണ കേന്ദ്രങ്ങൾ, ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സംവിധാനങ്ങൾ എന്നിവയെ ഒരുകുടക്കീഴിലാക്കി Global Knowledge Exchange Park (KEP) സ്ഥാപിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. സാങ്കേതിക പുരോഗതികൾക്കനുസൃതമായി പാഠ്യപദ്ധതി നവീകരിക്കാൻ Future Readiness Think Tank, തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് കോഴ്സുകൾ പരിഷ്കരിക്കാൻ Job Watch Tower (JWT), വിദ്യാർത്ഥികൾക്ക് വ്യവസായ മേഖലയിൽ പരിശീലനത്തിന് അവസരമൊരുക്കാൻ Apprenticeship Exchange Platform എന്നിവയും സർക്കാർ ആവിഷ്കരിക്കുന്നുണ്ട്.

പഠനത്തോടൊപ്പം പ്രായോഗിക തൊഴിൽപരിചയവും വരുമാനവും ഉറപ്പാക്കുന്ന Industry on Campus Earn and Learn പദ്ധതി വ്യാപിപ്പിച്ചുവരുന്നു. കൂടാതെ, നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP), കെ.ടി.യു. നടപ്പിലാക്കിയ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സുകൾ, ചലഞ്ച് പരീക്ഷകൾ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ നവീന കോഴ്സുകൾ (BSc Data Science, BCA, MCA), കുസാറ്റ് ആരംഭിച്ച എക്സ്പീരിയൻഷ്യൽ-ഡ്യുവൽ മാസ്റ്റേഴ്സ് കോഴ്സുകൾ എന്നിവ വഴി പഠനരംഗത്ത് സമൂലമായ ഗുണനിലവാര മുന്നേറ്റം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ-വിദേശ പഠന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും വേഗം അനുമതി നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> കേരളത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള അത്യാധുനിക ഉന്നതവിദ്യാഭ്യാസം സ്വന്തം നാട്ടിൽത്തന്നെ ലഭ്യമാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ, സ്വകാര്യ സർവകലാശാലകൾക്കും (Private Universities) വിദേശ സർവകലാശാലകൾക്കും (Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിന് ആവശ്യമായ നിയമനിർമ്മാണം (Legislation) കൊണ്ടുവരുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ